**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6794** **21-03-2023 - ൽ മറുപടിയ്ക്ക്**

**വ്യാവസായിക പരിശീലന വകുപ്പിലെ താത്ക്കാലിക ഇൻസ്ട്രക്ടർമാരുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ.ഉ.(അച്ചടി) 29/2021/ധന. നമ്പർ ഉത്തരവ് പ്രകാരം വ്യാവസായിക പരിശീലന വകുപ്പിലെ ഗസ്റ്റ് ഇൻസ്ട്രക്ടർമാർക്ക് (താത്ക്കാലിക ജൂനിയർ ഇൻസ്ട്രക്ടർ) ദിവസ വേതനാടിസ്ഥാനത്തിൽ ആണോ മണിക്കൂർ നിരക്കിലാണോ വേതനം അനുവദിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | സ.ഉ.(അച്ചടി) 29/2021/ധന. നമ്പർ ഉത്തരവ് പ്രകാരമല്ല വ്യാവസായിക പരിശീലന വകുപ്പിലെ ഗസ്റ്റ് ഇൻസ്ട്രക്ടർമാർക്ക് വേതനം നല്കി വരുന്നത്. നിലവിൽ ഐ.ടി.ഐ.കളിൽ നിയമനം നൽകുന്ന ഗസ്റ്റ് ഇൻസ്ട്രക്ടർമാർക്ക് 03-08-2017 ലെ സ.ഉ.(സാധാ) 1010/2017/തൊഴിൽ ഉത്തരവ് പ്രകാരം മണിക്കൂർ അടിസ്ഥാനത്തിലാണ് വേതനം നല്കുന്നത്. |
| (ബി) | ധനകാര്യ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ദിവസവേതന നിരക്ക് ഉത്തരവിൽ വ്യാവസായിക പരിശീലന വകുപ്പിലെ ഗസ്റ്റ് ഇൻസ്ട്രക്ടർമാരെ (താത്ക്കാലിക ജൂനിയർ ഇൻസ്ട്രക്ടർ) ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത ജീവനക്കാർക്ക് ധനകാര്യ വകുപ്പ് നിശ്ചയിക്കുന്ന നിരക്കിൽ വേതനം നൽകാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (ബി) | സ.ഉ.(അച്ചടി) 29/2021/ധന നമ്പർ ഉത്തരവ് പ്രകാരം വ്യാവസായിക പരിശീലന വകുപ്പിലെ ഗസ്റ്റ് ഇൻസ്ട്രക്ടർമാർക്ക് (താത്ക്കാലിക ജൂനിയർ ഇൻസ്ട്രക്ടർ) വേതനം നല്കുന്നതിനുള്ള നടപടികൾ ട്രെയിനിംഗ് ഡയറക്ടർ തലത്തിൽ സ്വീകരിച്ചു വരുന്നു. |
| (സി) | ധനകാര്യ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ദിവസ വേതന നിരക്ക് ഉത്തരവനുസരിച്ചുള്ള വേതനം സംസ്ഥാനത്തെ എല്ലാ ഗസ്റ്റ് ഇൻസ്ട്രക്ടർമാർക്കും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | സ.ഉ.(അച്ചടി) 29/2021/ധന നമ്പർ ഉത്തരവ് പ്രകാരം വ്യാവസായിക പരിശീലന വകുപ്പിലെ ഗസ്റ്റ് ഇൻസ്ട്രക്ടർമാർക്ക് (താത്ക്കാലിക ജൂനിയർ ഇൻസ്ട്രക്ടർ) വേതനം നല്കുന്നതിനുള്ള നടപടികൾ ട്രെയിനിംഗ് ഡയറക്ടർ തലത്തിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ